## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3229 25/06/2012 ൽ മറുപടിക്ക്

### ജനറൽ-തസ്തികമാറ്റം വിഭാഗങ്ങളുടെ കട്ട്ഓഫ് മാർക്കിന്റെ അപാകത

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയുടെ നിയമനത്തിനായി താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള വരിൽ നിന്ന് തസ്തികമാറ്റം വഴിയും ജനറൽ വിഭാഗത്തിലും ജില്ലാടിസ്ഥാന ത്തിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ച തിന്മേലുള്ള ഷോർട്ട്ലിസ്റ്റ് പ്രസിദ്ധീക രിച്ചപ്പോൾ ജനറൽ വിഭാഗത്തെ അപേ ക്ഷിച്ച് വളരെ ഉയർന്ന കട്ട് ഓഫ് മാർക്ക് തസ്തികമാറ്റം വഴിയുള്ള അപേക്ഷ കർക്ക് നിശ്ചയിച്ചതിലുണ്ടായ അപാകത ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി ഉണ്ടാകുമോ ? | (എ) + (ബി)<br>10.1.1974-ലെ G.O(P)No.11/74/PD പ്രകാരം എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ തസ്തിക മാറ്റം വഴിയുള്ള റാങ്ക് പട്ടികയിൽ 40%ൽ കുറയാത്ത മാർക്ക് നേടിയ ഉദ്യോഗാർത്ഥി കളെയാണ് ഉൾപ്പെടുത്തേണ്ടത് എന്ന് നിഷ്കർഷിച്ചിരിക്കുന്നതിന്റെ അടിസ്ഥാന ത്തിൽ മിനിമം 40% മാർക്ക് നേടുന്നവരെ ഉൾപ്പെടുത്തിയാണ് പി.എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയുടെ നിയമനത്തിനായി കാറ്റഗറി നമ്പർ 205/2009, 206/2009 എന്നിവ പ്രകാരം പൊതു ഉദ്യോഗാർ ത്ഥികൾക്കായി ജനറൽ വിഭാഗത്തിലും താഴ്ന്ന ശമ്പളമുള്ള തസ്തികകളിൽ സേവന മനുഷ്ഠിക്കുന്നവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായും പി.എസ്.സി. അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരീക്ഷയിൽ, ജനറൽ വിഭാഗത്തിൽ 40%-ൽ കുറവ് മാർക്ക് നേടിയവർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടപ്പോൾ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ 40%ൽ കുറയാത്ത മാർക്ക് നേടിയവർക്ക് മാത്രാണ് ഉൾപ്പെടുവാൻ കഴിയുന്നത് എന്ന വിഷയം സംബന്ധിച്ച് ലഭിച്ച പരാതി സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ